**31st December 2015 / Thursday** **67th day of 90 days**

**സങ്കീർത്തനങ്ങൾ 119:1**

**‘യഹോവയുടെ ന്യായപ്രമാണം അനുസരിച്ചു നടപ്പിൽ നിഷ്ക്കളങ്കരായവർ ഭാഗ്യവാന്മാർ .’**

ആത്മീയമായ ഭാഗ്യാവസ്ഥയെ വർണ്ണിക്കുന്ന ഈ സത്യവചനം ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ പ്രത്യാശയും കരുതലും ഉളവാക്കണം. ലൗകീകമായ ഭാഗ്യം ഏതു സമയത്തും നശിച്ചുപോകാം. എന്നാൽ നമ്മുടെ ചിന്തകളിലും പ്രവർത്തികളിലും കളങ്കമില്ലാതെ, ശിശുക്കളെപ്പോലെ ജീവിച്ചാൽ ദൈവത്തിന്റെ മുമ്പിൽ നാം ഭാഗ്യമുള്ളവരാണ്. ആ ജീവിതത്തിന്റെ അടിസ്ഥാനം, യഹോവയുടെ ന്യായപ്രമാണം അനുസരിച്ച് ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണം. സങ്കീർത്തനങ്ങൾ 1:2 ൽ ‘യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച്, ന്യായപ്രമാണത്തെ രാവും പകലും ധ്യാനിക്കുന്നവൻ ഭാഗ്യവാൻ’ എന്നു പറയുന്നു. ‘യഹോവയുടെ കല്പനയിൽ തന്നെ രസിച്ചു കൊൾക’ എന്നും വചനം പ്രബോധിപ്പിക്കുന്നു. നമുക്ക് ദൈവത്തിന്റെ കല്പനകൾ പൂർണ്ണമായി അനുസരിക്കാൻ കഴിയുന്നുണ്ടോ? കഴിയണമെങ്കിൽ കല്പനകളെ ധ്യാനിക്കേണം, ധ്യാനത്തിങ്കൽ പരിശുദ്ധാത്മാവിന്റെ നിറവിൽ മാത്രമേ അത് പ്രവർത്തിക്കാൻ കഴിയൂ. ദൈവത്തെ പ്രസാദിപ്പിച്ച് കൃപയും കരുണയും നേടിയെടുക്കാൻ ദൈവസന്നിധിയിൽ നമ്മെതന്നെ സമർപ്പിക്കണം. അത് പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണ മനസ്സോടും കൂടി വേണം. പരിപൂർണ്ണഹൃദയത്തോടെ കൂടി ദൈവത്തെ സ്തുതിച്ചാൽ മാത്രമേ നമ്മളിൽ പ്രവർത്തിക്കാൻ കഴിയുകയുള്ളു. പരിപൂർണ്ണ വിശ്വാസം ഉണ്ടായാൽ മാത്രമേ പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്തുതിക്കാനും സ്തോത്രം ചെയ്യാനും കഴിയൂ. അതിനാണ് എല്ലാ യാമപ്രാർത്ഥനയിലും വിശ്വാസപ്രമാണം ചൊല്ലി നമ്മുടെ വിശ്വാസം ഉറപ്പിക്കുന്നത്. നമ്മുടെ വിശ്വാസത്തെ ഒരു ദിവസം പല തവണ സാത്താൻ ദൈവത്തോട് പരാതി പറയുമ്പോൾ, അവിടെയെല്ലാം നമ്മുടെ യാമപ്രാർത്ഥനകളും വിശ്വാസപ്രമാണവും നമ്മുടെ വിശ്വാസത്തെ കൂടുതൽ ഉറപ്പിച്ച് ദൈവത്തിന്റെ മക്കളായി ജീവിക്കുവാൻ സാധിക്കുന്നു. ഇത്രയും വിശ്വാസം നമ്മളിൽ വളരണമെങ്കിൽ ദൈവത്തെ അത്രമാത്രം സ്നേഹിക്കണം. ദൈവത്തെ അത്രമാത്രം സ്നേഹിക്കണമെങ്കിൽ ദൈവസ്നേഹം എന്താണ് എന്നറിയണം. ദൈവസ്നേഹം അറിയാൻ നമുക്കുവേണ്ടി കർത്താവ് എന്തു ചെയ്തു എന്നറിഞ്ഞ് ആ സ്നേഹത്തെ തിരിച്ചറിഞ്ഞ് പ്രതികരിക്കണം. ഏദനിൽ ആദാമിനും ഹവ്വായ്ക്കും ആ സ്നേഹത്തെ തിരിച്ചറിയാൻ കഴിയാതെ പോയി, അങ്ങനെ അവരുടെ വിശ്വാസം നഷ്ടപ്പെട്ട്, സാത്താനിൽ വിശ്വസിച്ച് കല്പന ലംഘിച്ചു. എന്നാൽ ഈ കൃപയുഗത്തിൽ ദാനമായി സർവ്വകൃപകളും കൃപയ്ക്കുമേൽ കൃപയും കരുണയും പ്രദാനം ചെയ്യുകയും പാപികളെയും ദോഷികളെയും തന്റെ തിരുശരീരരക്തത്താൽ പാതാളത്തിൽ നിന്ന് വീണ്ടെടുക്കുകയും രക്ഷയുടെ പാതയിൽ എത്തിക്കുകയും ചെയ്തു. രാവും പകലും ദൈവത്തിന്റെ കല്പനകളെ ഇഷ്ടപ്പെട്ട് അതിൽ തന്നെ രസിച്ച്, സന്തോഷിച്ച്, ധ്യാനിച്ച് അനുസരിച്ച് നടക്കാം. നമ്മുടെ നടപ്പിലും പ്രവർത്തിയിലും ക്രിസ്തീയജീവിതത്തിന്റെ നല്ല മാതൃകയും അത് അനേർക്ക് പ്രചോദനം നൽകപ്പെടുന്നു. സ്വർഗ്ഗീയ ഭാഗ്യാവസ്ഥയ്ക്കായി സകലവും ദൈവത്തിൽ സമർപ്പിച്ച്, ദൈവത്തിന്റെ ആലോചനയ്ക്കായി കാത്തിരുന്ന്, ശിശുക്കളെപ്പോലെ നിഷ്കളങ്കരായി, ആ ഭാഗ്യാവസ്ഥയെ കാത്തിരിക്കാം.

For God so loved the world that he gave his one and only Son, that whoever believes on him shall not perish but have eternal life. St. John 3:16